മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *121

വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ

(*121) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ രീതി കരാറിൽ പറഞ്ഞിട്ടുള്ളതിൽനിന്ന് വ്യതിചലിച്ചിട്ടില്ലെന്ന് ഉറപ്പാക്കാൻ ഈ സർക്കാർ മേൽനോട്ടം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അട്ടിമറിക്കാൻ ചിലർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജീവനോപാധി നഷ്ടത്തിന് നഷ്ടപരിഹാരം നൽകാനും പുനരധിവാസവും പ്രദേശവാസികളുടെ ക്ഷേമവും ഉറപ്പാക്കാനും സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ,

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നിർവ്വഹണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) എന്ന സർക്കാർ കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണം കൺസഷൻ കരാർ പ്രകാരമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്താൻ ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെന്നൈ ഐ.ഐ.ടി.-യിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗമാണ് ഇപ്പോൾ ഈ ദൗത്യം നിർവ്വഹിക്കുന്നത്. കൂടാതെ, കരാറും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതത് സമയങ്ങളിൽ ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായ ഒരു എംപവേർഡ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ഇൻഡിപെന്റഡന്റ് എഞ്ചിനീയർ സ്ഥിരമായി അവലോകന റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഭൂമി ഏറ്റെടുത്തിട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ഇതിനായി കടലോരത്തുനിന്ന് മാറി മറ്റുള്ള ആളുകളുടെ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഇങ്ങനെ ഭൂമി നഷ്ടപ്പെട്ടവർക്കെല്ലാം ഉഭയസമ്മതപ്രകാരമുള്ള നഷ്ടപരിഹാരം നൽകുകയും വീട് നഷ്ടപ്പെട്ടവർക്ക് 5 സെന്റ് വീതം സ്ഥലവും അനുവദിച്ചുനല്കിയിട്ടുണ്ട്. എന്നാൽ തുറമുഖം വരുന്നതോടെ പദ്ധതി പ്രദേശത്ത് കരമടി, കട്ടമരം, ചിപ്പി വാരൽ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അവിടെ തൊഴിൽ ചെയ്യുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുന്നതിന് RDO യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment Committee-യും അവർ നൽകുന്ന ശിപാർശകൾ അവലോകനംചെയ്ത് സർക്കാരിന് സമർപ്പിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു അപ്പീൽ സമിതിയും രൂപീകരിക്കുകയുണ്ടായി. ഈ സമിതികൾ സമർപ്പിച്ച ശിപാർശകളെല്ലാം സർക്കാർ അംഗീകരിച്ച്

ബന്ധപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്തു. ഈ വിശദാംശങ്ങൾ പലവട്ടം ഈ സഭയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

കരാർ ഒപ്പുവെക്കുന്ന സമയത്ത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8.65 കോടി രൂപയുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്താനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ സർക്കാർ മത്സ്യതൊഴിലാളികളോട് വളരെ അനുകൂലമായ നയം സ്വീകരിച്ച് 100 കോടി രൂപ പുനരധിവാസത്തിന് മാത്രം ചെലവഴിക്കുകയുണ്ടായി. ഇതുകൂടാതെ ഒട്ടേറെ പ്രശ്നങ്ങൾ വിഴിഞ്ഞം നിവാസികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയും നിർമ്മാണ കമ്പനിയുടെ CSR ഫണ്ട് ഉപയോഗിച്ചും ഒട്ടേറെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം വന്നതോടെ ഹാർബറിലെ തിരയടി കൂടിയെന്നും അതിനാൽ ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്നും വിഴിഞ്ഞം മത്സ്യമേഖലയിലുള്ളവർ ആശങ്ക ഉയർത്തി. ഇതിന് പരിഹാരമായി അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വിഴിഞ്ഞം മേഖലയിലെ എല്ലാ ബോട്ടുകളും ഇൻഷ്വർ ചെയ്തു. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി

പൂനെയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ CPWRS-നെക്കൊണ്ട് പഠനം നടത്തിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഴയ വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ടിൽ 170 മീറ്റർ നീളമുള്ള ഒരു ഫർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ ഉത്തരവായി. ഈ പുലിമുട്ട് നിർമ്മാണം പൂർത്തിയായാൽ ഹാർബറിൽ വലിയ തിരകളുണ്ടാകില്ല എന്നാണ് CPWRS കണ്ടെത്തിയിരിക്കുന്നത്.

വിഴിഞ്ഞം ഹാർബറിന്റെ കവാടത്തിൽ മണ്ണ് അടിഞ്ഞുകൂടി അവിടെ ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്ന ആക്ഷേപമുണ്ടായി. ഇതിന് പരിഹാരമായി ഹാർബറിന്റെ കവാടം വർഷംതോറും ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനെക്കൊണ്ട് സർവ്വെ നടത്തി ഡ്രഡ്ജിംഗ് നടത്തിവരുന്നുണ്ട്. ഈ പ്രശ്നത്തിനും അങ്ങനെ പരിഹാരം കണ്ടിട്ടുണ്ട്. ഈ വർഷം നടത്തിയ പഠനത്തിൽ ഹാർബറിന്റെ കവാടത്തിൽ മണ്ണ് അടിഞ്ഞിട്ടില്ലെന്നാണ് കണ്ടെത്തിയത്. തുടർന്ന് ഈ കാലവർഷത്തിൽ അവിടെ അപകടങ്ങളൊന്നുമുണ്ടായിട്ടില്ല എന്ന കാര്യം പ്രസ്താവ്യമാണ്.

തുറമുഖ നിർമ്മാണം ആരംഭിക്കുന്നതോടെ അവിടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരും എന്ന ആക്ഷേപം ഉയർന്നു.

ഇതിന് പരിഹാരമായി വിഴിഞ്ഞത്തുനിന്ന് പുറപ്പെടുന്ന യാനങ്ങൾക്ക് അവയുടെ എഞ്ചിൻ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയത് 4 ലിറ്റർ മണ്ണെണ്ണ 2017 മുതൽ അനുവദിച്ചു നൽകി. 2383 ബോട്ട് എഞ്ചിനുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു. കഴിഞ്ഞ വർഷം സർക്കാരിന് ഈ ഇനത്തിൽ 27.13 കോടി രൂപ ചെലവായി. ഈ വർഷം മണ്ണെണ്ണ വില വർദ്ധിച്ചതിനാൽ 46 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിഴിഞ്ഞത്തുള്ള ആരോഗ്യ സബ് സെന്ററിനെ PHC ആയി ഉയർത്തണമെന്ന് ആവശ്യമുണ്ടായിരുന്നു. എന്നാൽ ഈ സബ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് PHC സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 ബെഡ്ഡുകളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് 10 കോടി രൂപ ഇതുവരെ സർക്കാർ ചെലവഴിച്ചു. ഇതിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള ഒരു നില നിർമ്മാണ കമ്പനിയും നിർമ്മിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളും നടന്നുവരുന്നു. നിലവിലുള്ള സബ്സെന്ററിനെ ഒരു PHC ആയി ഉയർത്താമെന്ന് ആരോഗ്യ

വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

വിഴിഞ്ഞത്തെ പ്രായാധിക്യമുള്ള ആളുകൾക്ക് പകൽ ചെലവഴിക്കുന്നതിന് ഒരു പകൽവീട് നിർമ്മിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 1.8 കോടി രൂപയുടെ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതുകൊണ്ടാണ് പ്രൊജക്ട് ഏറ്റെടുക്കുവാൻ കഴിയാത്തത്. വിഴിഞ്ഞം തുറമുഖം വരുമ്പോൾ അവിടെയുള്ള തൊഴിലുകൾ സ്വദേശികളായിട്ടുള്ള ആളുകൾക്ക് നൽകാമെന്ന് നിർമ്മാണ കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകുന്നതിനായി ASAP 48 കോടി രൂപ ചെലവിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഈ വർഷംതന്നെ ഇവിടെ നിർമ്മാണ കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുന്നത്. വിഴിഞ്ഞം പ്രദേശത്ത് മാലിന്യ സംസ്കരണത്തിന് പ്രോജക്ട് തയ്യാറാക്കി തിരുവനന്തപുരം കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതാണ്.

കോട്ടപ്പുറം ഭാഗത്തുള്ള ആളുകൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല എന്ന പരാതിയുണ്ടായി. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി 1.72 കോടി രൂപ ചെലവഴിച്ച് കോട്ടപ്പുറത്ത് 1000 വീട്ടുകാർക്ക് സൗജന്യ വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്.

തുറമുഖം വന്നതോടെ തങ്ങളുടെ കളിസ്ഥലം നഷ്ടപ്പെട്ടതായി ആക്ഷേപമുണ്ടായി. ഇതിന് പരിഹാരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ രണ്ട് ഏക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇതിന് മുമ്പ് 2020 സെപ്തംബർ 30 മുതൽ 33 ദിവസം കോട്ടപ്പുറം ഇടവകയുടെ നേതൃത്വത്തിൽ അവിടെ പണികൾ തടഞ്ഞുകൊണ്ട് സമരം നടത്തുകയുണ്ടായി. പ്രദേശ വാസികളെന്ന നിലയിൽ അവർ ഉന്നയിച്ച പ്രശ്നങ്ങളിൽ പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഒരു ഐ.എ.എസ്. ഓഫീസർ അദ്ധ്യക്ഷനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റി യോഗം ചേർന്ന് പുനരധിവാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഇതിനുപുറമേ ഫിഷറീസ് വകുപ്പ് മുഖാന്തരവും കരാർ കമ്പനിയും മറ്റനവധി ക്ഷേമ പ്രവർത്തനങ്ങളും പദ്ധതി

പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. പ്രദേശവാസികളുടെ ക്ഷേമം ഉറപ്പാക്കി പ്രോജക്റ്റ് സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിഴിഞ്ഞം സമരം ഒത്തുതീർപ്പായ സാഹചര്യത്തിൽ അതിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സമരസമിതിയെയുമെല്ലാം ഈ ജില്ലയിലെ പൊതുജനാധിപത്യ സമൂഹത്തിനുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. ഈ സാഹചര്യത്തിൽ 2023 സെപ്റ്റംബറിൽ മലയാളികൾക്കുള്ള ഓണസമ്മാനമായി വിഴിഞ്ഞത്ത് ആദ്യ കപ്പലെത്തുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടിയാണ് നമ്മളെല്ലാവരും ശ്രവിച്ചത്. ആ പ്രഖ്യാപനം പൂർത്തിയാക്കുവാൻ കഴിയുമോ; അതിന് എന്തുനടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, തുറമുഖ നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുന്ന സാഹചര്യത്തിലാണ് ലത്തീൻ അതിരൂപത സമരം ആരംഭിച്ചത്. സമരംമൂലം ഏതാണ്ട് നൂറ് ദിവസത്തെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടു. നഷ്ടപ്പെട്ട പ്രവൃത്തിദിനങ്ങൾ കൗണ്ട് ഡൗൺ

കലണ്ടറിന്റെ അടിസ്ഥാനത്തിൽ വീണ്ടെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രതിദിനം പതിനയ്യായിരം ടൺ പാറയാണ് കടലിൽ നിക്ഷേപിച്ചിരുന്നത്. ഇത് ഇരട്ടിയാക്കി വർദ്ധിപ്പിക്കാമെന്ന് നിർമ്മാണകമ്പനി ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കേണ്ടിവരും. ഇതിനുള്ള പ്രവർത്തനം ആരംഭിച്ചു. ഈ മാസം ഇത് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ വർഷത്തെ നിർമ്മാണത്തിനാവശ്യമുള്ള പാറ നിലവിൽ ശേഖരിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകില്ല. നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബാർജ്ജുകളും ക്രെയിനുകളും നിർമ്മാണകമ്പനി ഇവിടെത്തന്നെ സൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവൃത്തി പെട്ടെന്ന് പുനരാരംഭിക്കുവാൻ കഴിയും. സമരം പിൻവലിച്ചതിന് തൊട്ടടുത്ത ദിവസംതന്നെ നിർമ്മാണം പുനരാരംഭിച്ചു. പാറ കൊണ്ടുവരുന്നതിനുള്ള ബാർജ്ജുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എത്രയും വേഗം പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം അനുബന്ധ ഘടകങ്ങളുടെ നിർമ്മാണവും ത്വരിതപ്പെടുത്തിയിട്ടുണ്ട്. തുറമുഖത്ത് സ്ഥാപിക്കാനുള്ള ക്രെയിനുകൾ, റീച്ച്

സ്റ്റാക്കറുകൾ എന്നിവയുടെ നിർമ്മാണവും അടിയന്തരമായി പൂർത്തിയാക്കി എത്തിക്കുവാൻവേണ്ട നടപടികളും കൈക്കൊണ്ടിട്ടുണ്ട്. 400 മീറ്റർ ബർത്ത് അടിയന്തരമായി പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ രീതിയിൽ മുന്നോട്ടുപോയാൽ നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ വീണ്ടെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ അതുവഴി പൊന്നോണ സമ്മാനമായി കേരളത്തിൽ ആദ്യത്തെ കപ്പൽ വിഴിഞ്ഞത്തെത്തിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> വിഴിഞ്ഞം തുറമുഖം പ്രദേശവാസികൾക്കും സംസ്ഥാനത്തിന്റെ ടൂറിസം, സാമ്പത്തികം, തൊഴിൽ, ചരക്ക് ഗതാഗതം എന്നീ മേഖലകളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നാണ് കരുതുന്നത്. ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങളുണ്ടാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്; ഇതിനാവശ്യമായ പശ്ചാത്തലസൗകര്യ വികസനത്തിന് എന്തെല്ലാം ഒരുക്കങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> സർ, വിഴിഞ്ഞം തുറമുഖം സംസ്ഥാനത്തിന്റെ സാമ്പത്തിക – വ്യാവസായിക - ടൂറിസം രംഗങ്ങളിൽ

അമ്പരപ്പിക്കുന്ന പുരോഗതിക്ക് കാരണമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രത്യക്ഷമായ തൊഴിലുകളെക്കാൾ പരോക്ഷമായ സാമ്പത്തിക വളർച്ചയാണ് വിഴിഞ്ഞം തുറമുഖം വഴി നമുക്ക് ലഭിക്കാൻ പോകുന്നത്. നിർമ്മാണസമയത്തെ തൊഴിലുകളിൽ ഭൂരിഭാഗവും പ്രദേശവാസികൾക്കാണ് നൽകിയിട്ടുള്ളത്. തുറമുഖം കമ്മീഷൻ ചെയ്യുമ്പോൾ ഇവിടെയുണ്ടാകുന്ന തൊഴിലസരങ്ങളിൽ ഭൂരിഭാഗവും ഈ പ്രദേശത്തുള്ളവർക്കുതന്നെ നൽകാമെന്ന് കരാർ കമ്പനി ഉറപ്പുനൽകിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ തദ്ദേശവാസികൾക്ക് സാങ്കേതികവൈദഗ്ദ്ധ്യമില്ല എന്നുള്ള പ്രശ്നം ഉയർന്നുവരാനിടയുണ്ട്. ഇത് പരിഹരിക്കുന്നതിനായി 50 കോടി രൂപ ചെലവഴിച്ച് അസാപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി. നിർമ്മാണ കമ്പനിയാണ് ട്രെയിനിംഗ് പാർട്ണർ. അവർ സാങ്കേതികവൈദഗ്ദ്ധ്യമില്ലാത്ത ആളുകൾക്ക് സാങ്കേതിക പരിശീലനം നൽകും. ഇപ്രകാരം പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതോടൊപ്പം പ്രദേശവാസികളുൾപ്പെടെയുള്ളവർക്ക്

തൊഴിൽ നൽകുന്നതിനായി ഒരു ലോജിസ്റ്റിക് പാർക്ക് ആരംഭിക്കാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ കമ്പനി ഇവിടെ ഇതിനകം സർവ്വേ നടപടികളാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇവിടെ 2500 പേർക്ക് നേരിട്ട് തൊഴിൽ നൽകുവാൻ കഴിയും. ഇത് പടിപടിയായി പതിനായിരമായി വർദ്ധിപ്പിക്കാമെന്നും കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇതിനുപുറമെ വെയർഹൗസുകൾ, ഹോട്ടലുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവയും തുറമുഖം വരുന്നതോടുകൂടി ആരംഭിക്കേണ്ടിവരും. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയിൽ ഗണ്യമായ പുരോഗതിയുണ്ടാക്കുമെന്നും പ്രതീക്ഷിക്കുന്നു. തുറമുഖത്തോടനുബന്ധിച്ച് അനുബന്ധവ്യവസായങ്ങളുടെ ഒരു നിരതന്നെ സംസ്ഥാനത്തുടനീളം രൂപപ്പെടുത്താൻ സാധിക്കും. ടൂറിസം മേഖലയിൽ വലിയ ചലനങ്ങളുണ്ടാക്കുന്ന ക്രൂയിസ്ഷിപ്പുകളുടെയും ക്രൂചെയ്ഞ്ചിംഗിന്റെയും ഗുണഫലങ്ങൾ നമ്മുടെ സംസ്ഥാനത്തിനുണ്ടാകും. തുറമുഖത്തിനുവേണ്ടി ഒരു ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനുചുറ്റും ഒരു ഇൻഡസ്ട്രിയൽ കോറിഡോർ ആരംഭിക്കാൻ മികച്ച സാധ്യതയുണ്ട്. തുറമുഖം പ്രവർത്തനക്ഷമമാകുന്നതിന്റെ

ആദ്യഘട്ടത്തിൽത്തന്നെ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. വലിയതോതിലുള്ള തൊഴിലവസരങ്ങളും സാമ്പത്തിക നേട്ടങ്ങളുമുണ്ടാകും. ലോകത്തിലെ ചരക്കുനീക്കത്തിന്റെ 95%-വും കടൽമാർഗ്ഗമാണ് നടക്കുന്നത്. അതിന്റെ 30% ഇന്ത്യയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള അന്താരാഷ്ട്ര കപ്പൽച്ചാൽ മുഖേന നടക്കുന്നു. രാജ്യത്തിനുവേണ്ടിയുള്ള കണ്ടെയ്നറുകളിൽ 75%-വും കൈകാര്യം ചെയ്യുന്നത് കൊളംബൊ തുറമുഖമാണ്. സിംഗപ്പൂർ, സലാല, ദുബായ് തുറമുഖങ്ങളും ഇന്ത്യൻ കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് സാമ്പത്തിക നേട്ടമുണ്ടാക്കുന്നു. ഇതുമൂലം നമ്മുടെ രാജ്യത്തിന് പ്രതിവർഷം 2,500 കോടി രൂപയുടെ വിദേശനാണ്യ നഷ്ടം ഉണ്ടാകുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ ബിസിനസ് സംസ്ഥാനത്ത് വരുന്നതോടെ സാമ്പത്തികമായും തൊഴിൽപരമായും നേട്ടങ്ങളുണ്ടാകും. വിദേശ തുറമുഖത്തിറങ്ങുന്ന ഒരു കണ്ടെയ്നർ ഇന്ത്യയിൽ എത്തിക്കാൻ 10,000-ത്തിലധികം രൂപയുടെ അധികചെലവ് നടത്തേണ്ടിവരുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. വിഴിഞ്ഞം തുറമുഖത്ത് മദർഷിപ്പുകൾ വഴി ചരക്കുകൾ ഇറക്കുവാൻ കഴിയുന്നതുമൂലം ഈ അധികചെലവ് ഒഴിവാക്കാൻ സാധിക്കുമെന്നത് വലിയ നേട്ടമാണ്.

ഇതിനുപുറമെ, സമയലാഭം കണക്കിലെടുക്കുമ്പോൾ വാണിജ്യ വ്യവസായ രംഗങ്ങളിൽ ഇറക്കുമതി ചെലവ് ഗണ്യമായി കുറയുന്നതിനും സാധ്യതയുണ്ട്. സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് വിഴിഞ്ഞം തുറമുഖം വഴിവയ്ക്കുമെന്നതിൽ സംശയമില്ല. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിന് മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഇങ്ങനെ സംസ്ഥാനത്തെ സമഗ്ര പുരോഗതിക്ക് വിഴിഞ്ഞം തുറമുഖം കാരണമാകുമെന്നാണ് കണക്കാക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണം വൈകുന്നതിന് പ്രധാന കാരണം പുലിമുട്ട് നിർമ്മാണമാണെന്ന് ചൂണ്ടിക്കാണിച്ചു. 3100 മീറ്ററാണ് പുലിമുട്ട് നിർമ്മിക്കേണ്ടത്. എന്നാലിതുവരെ 1500 മീറ്റർ നിർമ്മാണമാണ് നടന്നിട്ടുള്ളത്. ഇതിൽ സംസ്ഥാന സർക്കാർ സാമ്പത്തികമായി തുക നൽകുന്നുണ്ടോ; സ്ഥലം ഏറ്റെടുക്കലും പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ചോദ്യത്തിന്റെ മറുപടി എഴുതി നൽകാം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വിഴിഞ്ഞം കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാകുമെന്ന കാര്യത്തിൽ തർക്കമില്ല. അതിന്റെ നഷ്ടപരിഹാരവും മറ്റുകാര്യങ്ങളും അങ്ങ് സൂചിപ്പിച്ചു. മാരിടൈം ലാ, ഇന്റർനാഷണൽ ലാ, ലോജിസ്റ്റിക് ലാ തുടങ്ങിയ വിവിധ കോഴ്സുകൾ പഠിപ്പിക്കുന്ന സംവിധാനംകൂടി ഇതിന്റെ ഭാഗമായി തയ്യാറാക്കാൻ സാധിക്കുമോ; ഇത് കൂടുതൽ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, പ്രതിമാസം 10,000 രൂപയിൽ താഴെയുള്ള സമർത്ഥരായ നൂറ് വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു. ഇംഗ്ലീഷ് ഭാഷാ പരിശീലനം, കരിയർ ഗൈഡൻസ്, ഓപ്പൺ ഹൗസ്, ലിറ്ററി മീറ്റ് എന്നിവയിലൂടെ പ്രതിമാസം 1000-ത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. അതുപോലെ, വീട്ടമ്മമാരെ ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനത്തിന്റെ ഭാഗമായി പ്രതിവർഷം 1200 പേർക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം നൽകുകയും ടെലഫോൺ, കറന്റ്, വെള്ളം എന്നിവയുടെ ബിൽ പേയ്മെന്റുകളും ബാങ്കിംഗ് സേവനങ്ങളും

ഓൺലൈനായി ചെയ്യുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ട്. സ്മാർട്ട് ക്ലാസ്സുറൂമുകളായി ഉപയുക്തമാക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പ്രദേശത്തെ 9 സർക്കാർ വിദ്യാലയങ്ങളും 5 എയ്ഡഡ് സ്കൂളുകളുമുൾപ്പെടെ 14 വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്സുറൂം ഉപകരണങ്ങൾ നൽകുകയും ടീച്ചേഴ്സിന് പരിശീലനം നൽകുകയും ചെയ്യുന്നു. നേരത്തെ സൂചിപ്പിച്ച അസാപ് മുഖേനയാണ് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകി വളർത്തിക്കൊണ്ടുവരുന്നത്. അവിടെനിന്നും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ വ്യക്തികൾക്കാണ് ആദ്യമായി തൊഴിൽ നിയമനം നൽകുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം തുറമുഖം പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ടതാണ് ചരക്കുഗതാഗതത്തിന്റെ മാർഗ്ഗമായ റെയിൽവേ കണക്ടിവിറ്റി. അതിനാൽ റെയിൽവേ കണക്ടിവിറ്റിയുടെ പുരോഗതി എന്താണെന്ന് സൂചിപ്പിക്കാമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, റെയിൽവേ കണക്ടിവിറ്റിക്ക് ആവശ്യമായ പെർമിഷൻ ലഭിച്ചിട്ടുണ്ട്. ഇടയ്ക്ക് ചില ക്വറികൾ വന്നു. അതിനുള്ള മറുപടികൾ നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ്

(*122) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് അപേക്ഷ നൽകിയത് ആരാണെന്ന് അറിയിക്കുമോ; ഇതിനുവേണ്ടി സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ്; കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസോ അനുമതിയോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.-യും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെടുകയോ ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് മാനേജ്മെന്റ് ഏതെങ്കിലും വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതിനുശേഷം പ്രസ്തുത കമ്പനി ആസ്ഥാനത്ത് എത്തിയ ബസ്സുകളുടെ ഗുണനിലവാരം മാനേജ്മെന്റ് വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ,

(എ) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് (incorporation) കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറാണ് അപേക്ഷ സമർപ്പിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ KYC വ്യക്തിവിവരങ്ങളും സർക്കാർ ഉത്തരവുകളും പകർപ്പുകളും കമ്പനി ആക്ട് നിഷ്കർഷിക്കുന്നപ്രകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രജിസ്ട്രാർ ഓഫ് കമ്പനീസ് 09-11-2021-ൽ പുറപ്പെടുവിച്ച

ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+

(ബി) ആദ്യം രേഖാമൂലം നൽകിയ മറുപടിയുടെയൊപ്പം ഒരു ജി.ഒ. നമ്പർകൂടി ചേർത്തിട്ടുണ്ട്. 19-02-2021-ലെ G.O. (Ms)No.7/2021/TRANS, 11-12-2021-ലെ പരിഷ്കരിച്ച G.O. (Ms)No.58/2021/TRANS എന്നീ ഉത്തരവുകൾ അനുസരിച്ചാണ് KSRTC-SWIFT രൂപീകരിക്കുന്നതും പ്രവർത്തനം ആരംഭിക്കുന്നതും. 07-04-2022-ൽ ചേർന്ന കെ.എസ്.ആർ.ടി.സി.-യുടെ 411-ാമത് ഭരണസമിതി യോഗത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് 11-04-2022 മുതൽ ആരംഭിക്കുന്നത് കണക്കിലെടുത്ത് ബസുകൾക്ക് കിലോമീറ്ററിന് നിരക്ക് നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നത് അംഗീകരിക്കുകയും തുടർന്ന് 07-07-2022-ലെ കെ.എസ്.ആർ.ടി.സി.-യുടെ 412-ാം ഭരണസമിതി യോഗത്തിൽ കെ.എസ്.ആർ.ടി.സി.-യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റും തമ്മിലുള്ള കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ച് സ്വിഫ്റ്റിന് കൈമാറുകയും കെ.എസ്.ആർ.ടി.സി.സ്വിഫ്റ്റിന്റെ നാലാമത് ഭരണസമിതിയോഗം ടി നിബന്ധനകൾ അംഗീകരിക്കുകയുണ്ടായി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11-04-2022 മുതൽ 10 വർഷ കാലാവധിയുള്ള കരാർ 20-09-2022-ൽ ഒപ്പുവയ്ക്കുകയുണ്ടായി.

(സി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-നുവേണ്ടി 50 ഇലക്ട്രിക് ബസ് വാങ്ങുന്നതിനായി 18-06-2021-ൽ കെ.എസ്.ആർ.ടി.സി. ഇ-ദർഘാസ് ക്ഷണിച്ചു. ഈ ടെണ്ടറിൽ രണ്ട് കമ്പനികൾ മാത്രം പങ്കെടുത്തതുകൊണ്ടും മത്സരനിരക്ക് കിഫ്ബി അനുവദിച്ച 95 ലക്ഷം രൂപ എന്നതിൽ കൂടി വന്നതിനാലും പ്രി-ക്വാളിഫിക്കേഷൻ നിബന്ധനകളിൽ ഇളവുവരുത്തുകയും പിന്നീട് 08-09-2021-ൽ വിളിച്ച ടെണ്ടറിൽ 5 കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ തുകയായ 94.53 ലക്ഷം രൂപ ക്വാട്ട് ചെയ്തത് M/s.PMI Electro Mobility Solution Pvt Ltd ആണ്. മറ്റുകമ്പനികൾ ക്വാട്ട് ചെയ്ത തുക ഐഷർ - 95.20 ലക്ഷം, ടാറ്റ - 110.31 ലക്ഷം, JBM - 113.00 ലക്ഷം, ലൈലാന്റ് - 117.65 ലക്ഷം രൂപ എന്നിങ്ങനെയാണ്. രണ്ടാമത്തെ ടെണ്ടറിൽ L1 സ്ഥാനത്ത് വന്ന M/s.PMI Electro Mobility Solution Pvt Ltd-നോട് ഒരു ഉദ്യോഗസ്ഥ സമിതി വിലപേശുകയും അന്തിമവിലയായി 92.43 ലക്ഷം രൂപ നിശ്ചയിക്കുകയും ചെയ്തു. ഈ ബസ്സുകൾക്ക് കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര

ടെസ്റ്റിംഗ് ഏജൻസി ആയ ICAT (International Centre for Automotive Technology) പരിശോധിച്ച് Type approval സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കേരളാ മോട്ടോർ വാഹന വകുപ്പ് പ്രസ്തുത സർട്ടിഫിക്കറ്റും ബസ്സും പരിശോധനയ്ക്ക് വിധേയമാക്കിയാണ് കേരളത്തിൽ ഈ വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ദർഘാസ് വ്യവസ്ഥപ്രകാരം ബസ് നിർമ്മാണ സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-ലെയും ഓഫീസർമാർ ബസ് നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിൽ ദർഘാസിലെ സ്പെസിഫിക്കേഷൻ പ്രകാരമാണോ ബസ്സുകൾ നിർമ്മിക്കുന്നതെന്ന് ബസ് നിർമ്മാണ കമ്പനിയായ M/s. PMI Electro Mobility Solutions Pvt. Ltd.- ന്റെ പ്ലാന്റിൽ പരിശോധനകൾ നടത്തി റിപ്പോർട്ട് ലഭിച്ചശേഷം മാത്രമാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്.

(ഡി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസ്തുത ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിൽനിന്നുള്ള ഉദ്യോഗസ്ഥർ ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള നിലവാരം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും

ചെയ്തിട്ടുണ്ട്. ദർഘാസ് വ്യവസ്ഥപ്രകാരം ടി ബസ്സുകളുടെ മൂന്ന് മാസത്തെ (01-08-2022 മുതൽ 31-10-2022 വരെ) പ്രവർത്തന നിലവാരം പരിശോധിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെയും ഏഴ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതി ബസ്സുകളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

ടി സമിതി വിലയിരുത്തിയതിൽ ഈ ബസ്സുകൾ പ്രധാന പരാമീറ്ററുകൾ തൃപ്തികരമായി പിൻതുടരുന്നുവെന്ന് ബോധ്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഈ ബസ്സിന്റെ വിലയുടെ 40% നൽകുന്നത് 3 മാസം ബസ്സുകൾ നിരത്തിൽ ഓടിച്ച് satisfactory എന്നുകണ്ടതിനുശേഷം മാത്രമാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കേരളത്തിലെ സാധാരണക്കാർക്കുവേണ്ടിയുള്ള ഏറ്റവും വിപുലമായ പൊതുമേഖലാ സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ വെല്ലുവിളികൾ അതിജീവിച്ച് സംരക്ഷിക്കേണ്ടതിനുപകരം തകർക്കുന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ നേർസാക്ഷ്യമാണ് ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന സ്വിഫ്റ്റ് കമ്പനി. ലാഭത്തിലായിരുന്ന സർവ്വീസുകൾ

മുഴുവൻ സ്വിഫ്റ്റിലേയ്ക്ക് മാറ്റിയതുമുതൽ കെ.എസ്.ആർ.ടി.സി. അഞ്ചിരട്ടിയോളം നഷ്ടത്തിലേയ്ക്ക് പോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ അഞ്ചുവർഷമായി പുതിയ ബസുകൾ വാങ്ങാൻ തുക നൽകുന്നില്ല. വളരെ പരിമിതമായ ബസുകൾ മാത്രമാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് പുതിയ ബസുകൾ വാങ്ങാൻ സർക്കാർ പ്ലാൻ ഫണ്ട് അനുവദിക്കുകയും അത് വിനിയോഗിക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ചുള്ള വിശദീകരണമെന്താണ്?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപീകരിച്ചതുതന്നെ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ്. പത്ത് വർഷം കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ എല്ലാ ആസ്തികളും കെ.എസ്.ആർ.ടി.സി.-യിലേയ്ക്കാണ് കൈമാറുന്നത്. കെ.എസ്.ആർ.ടി.സി.-യുടെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെയും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (സി.എം.ഡി.) ഒരാൾതന്നെയാണ്. ലാഭകരമായ റൂട്ടുകൾ മാത്രമാണ് സ്വിഫ്റ്റ് സർവ്വീസിലേയ്ക്ക് മാറ്റിയത് എന്ന് ബഹുമാനപ്പെട്ട

അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയല്ല. തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിലെ സിറ്റി സർവ്വീസുകൾ ഭീമമായ നഷ്ടത്തിലായിരുന്നു സർവ്വീസ് നടത്തിക്കൊണ്ടിരുന്നത്. തുടക്കമെന്ന നിലയിൽ, തിരുവനന്തപുരം സിറ്റി സർവ്വീസുകളിൽ നാൽപ്പത് സ്വിഫ്റ്റ് ബസുകൾ നഗരത്തിൽ സർവ്വീസ് നടത്തുന്നുണ്ട്. ദീർഘദൂര സർവ്വീസുകൾ മാത്രമല്ല ലാഭകരമായ സർവ്വീസുകളും ഏറ്റവും നഷ്ടത്തിലുള്ള സർവ്വീസുകളും സ്വിഫ്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതിനുവേണ്ടിയാണ്. സാമ്പത്തിക ബാധ്യതയുള്ളതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തികനില അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ കൊടുക്കാൻ കഴിയില്ല. പ്രസ്തുത കമ്പനി രൂപീകരിച്ചാൽ മാത്രമേ ധനകാര്യ സ്ഥാപനങ്ങളും മറ്റും ബസ് വാങ്ങാൻ ധനസഹായം നൽകുകയുള്ളൂ. ആ ഉദ്ദേശ്യവുംകൂടി കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് പ്രത്യേക കമ്പനിയായി രൂപീകരിച്ചത്.

ശ്രീ. സജീവ് ജോസഫ്: സർ, സ്വിഫ്റ്റ് കമ്പനിയുടെ ഇലക്ട്രിക് ബസുകളുടെ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെങ്കിലും

തുക സ്വിഫ്റ്റ് കമ്പനിയോ ബസ് നൽകിയ കമ്പനിയോ കെ.എസ്.ആർ.ടി.സി.-ക്ക് മെയിന്റനൻസ് ഇനത്തിൽ നൽകുന്നുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ അത്യാവശ്യമായിട്ടുള്ള ചെറിയ ചില മെയിന്റനൻസ് മാത്രമാണ് കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ നടത്തുന്നത്. അതിനാവശ്യമായിവരുന്ന സ്പെയർ പാർട്ട്സിന്റെ തുക നൽകുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയാണ്. മേജർ മെയിന്റനൻസിനായി കമ്പനിയുടെതന്നെ എ.എം.സി. (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്) ഉണ്ട്. ദിവസേനയുള്ള പതിവ് അറ്റകുറ്റപ്പണികൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ മെക്കാനിക് സ്റ്റാഫിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രിയായതിനുശേഷം ഏറ്റവും നല്ല കളക്ഷൻ ലഭിക്കുന്ന ഒരു കാലഘട്ടമാണിതെന്ന് അങ്ങുതന്നെ മുമ്പ് ഈ നിയമസഭയിൽ പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ മാസത്തെ ഓപ്പറേറ്റിംഗ് റവന്യൂ 196 കോടി രൂപയും നോൺ ഓപ്പറേറ്റിംഗ് റവന്യൂ 15 കോടി രൂപയുമാണ്.

അങ്ങനെ ഇരുന്നൂറ് കോടി രൂപയ്ക്ക് മുകളിൽ തുകയുണ്ട്. എല്ലാ മാസവും അഞ്ചാം തീയതി ജീവനക്കാർക്ക് ശമ്പളം നൽകുമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി നൽകിയ ഉറപ്പ്. ആ ഉറപ്പ് കേവലം ഒരു മാസം മാത്രമാണ് പാലിച്ചിട്ടുള്ളതെന്ന് അങ്ങേയ്ക്കുമറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പുകൾ പാലിക്കാതെ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിലെ ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ടും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അങ്ങ് വ്യക്തമാക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, അങ്ങിവിടെ ഉന്നയിച്ച ചോദ്യവും ഇന്നത്തെ ചോദ്യവുമായി യാതൊരു ബന്ധവുമില്ല. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയെ സംബന്ധിച്ചാണ് ഇന്നത്തെ ചോദ്യം. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ചോദ്യം ചോദിക്കണമെങ്കിൽ പ്രത്യേകമായി എഴുതിത്തരികയോ വേറെ ചോദ്യമുന്നയിക്കുകയോ വേണം. (...ബഹളം.....)

<u>മി. സ്പീക്കർ</u>: യെസ്..... പ്ലീസ്...... പ്ലീസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞോളൂ.

<u>ശ്രീ. ആന്റണി രാജു</u>: സർ, ഞാൻ മറുപടി പറയട്ടെ. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റാണ് ഇന്നത്തെ ചർച്ചാ വിഷയവും ചോദ്യവും. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നുണ്ടെന്ന് അദ്ദേഹംതന്നെ പറഞ്ഞ സ്ഥിതിക്ക് ഈ ചോദ്യത്തിന് യാതൊരു പ്രസക്തിയുമില്ല.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, (.....ബഹളം.....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, നിങ്ങളുടെതന്നെ അംഗത്തിന്റെ ചോദ്യം തടസ്സപ്പെടുത്തരുത്. പ്ലീസ്..... പ്ലീസ്.....

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എറണാകുളത്തെ ഒരു കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ആ സ്ഥിതി മാറ്റുന്നതിന് അങ്ങയുടെ നല്ല മനസ്സുണ്ടെങ്കിലും കാര്യങ്ങളൊന്നും നടക്കുന്നില്ല എന്നുള്ള വസ്തുത ആമുഖമായി സൂചിപ്പിക്കുകയാണ്. സ്വതന്ത്ര കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.-യാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചതെന്ന് അങ്ങയുടെ മറുപടിയിൽത്തന്നെയുണ്ട്. ഏത്

നിയമപ്രകാരമാണ് കെ.എസ്.ആർ.ടി.സി. മറ്റൊരു സ്വതന്ത്ര കമ്പനിയുടെ ടെണ്ടർ നടപടികൾ നടത്തിയത് എന്നതുസംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-യുടെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെയും സി.എം.ഡി. ഒരാൾതന്നെയാണ്. പത്ത് വർഷം കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ മുഴുവൻ ആസ്തികളും കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് കൈമാറുന്നതുകൊണ്ടും മോട്ടോർ ട്രാൻസ്പോർട്ട് ആക്ട് അനുസരിച്ച്, പെർമിറ്റുകൾ കൈമാറാൻ വ്യവസ്ഥയില്ലാത്തതിനാൽ, ഭാവിയിൽ സുഗമമായി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ബസുകൾ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് കൈമാറുന്നതിനുമായി കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ മാത്രമെ വാഹനം രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കെ.എസ്.ആർ.ടി.സി.-യുമായും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റുമായും ബന്ധപ്പെട്ടാണ് എന്റെ ചോദ്യം. സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന പ്ലാൻ ഫണ്ടുപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് ബസ്

വാങ്ങിയത്. ഡീസൽ നിറയ്ക്കുന്നതും മെയിന്റനൻസും ഓപ്പറേഷനുകളും കെ.എസ്.ആർ.ടി.സി. വകയാണ്. ശമ്പളത്തിന് വെറും 57 ലക്ഷം രൂപ മാത്രമെന്നിരിക്കെ (ആറുമാസം കൊണ്ട് 3 -3.5 കോടി രൂപയിൽക്കൂടുതൽ വരും) 10 കോടി 70 ലക്ഷം രൂപ വാടകയിനത്തിൽ സ്വിഫ്റ്റ് കമ്പനിക്ക് നൽകിയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, പ്ലാൻ ഫണ്ടനുസരിച്ചുള്ള തുക സർക്കാർ നൽകുമ്പോൾ അത് എങ്ങനെ വിനിയോഗിക്കണമെന്നുള്ളത് തീരുമാനിക്കുന്നതിനുള്ള അധികാരം സർക്കാരിനാണ്. സർക്കാർ നൽകിയിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേയ്ക്ക് പ്ലാൻ ഫണ്ടിലുള്ള തുക ഉപയോഗിച്ച് ബസ് വാങ്ങാൻ ഉത്തരവ് പുറപ്പെടുവിച്ചത്. ഇക്കഴിഞ്ഞ ഏപ്രിൽ മുതൽ നവംബർ മാസം വരെയുള്ള കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ കളക്ഷനായി കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് റെമിറ്റ് ചെയ്തത് 53.4 കോടി രൂപയാണ്. പത്ത് കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേയ്ക്ക് ആകെ നൽകിയത് എന്ന് അങ്ങുതന്നെ ഇവിടെ പറയുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ മുഴുവൻ കളക്ഷനും റെമിറ്റ് ചെയ്യുന്നത്

കെ.എസ്.ആർ.ടി.സി.-യിലേയ്ക്കാണ് എന്നുള്ളത് മനസ്സിലാക്കണം. വാടകയും ഡീസലും മാത്രമാണ് കെ.എസ്.ആർ.ടി.സി. നൽകുന്നത്. ബസ്, ഡ്രൈവർ, കണ്ടക്ടർ തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കാസർഗോഡ് ജില്ലയിൽ സ്വിഫ്റ്റ് ബസ് സർവ്വീസ് നടത്തുന്നില്ല. അവിടെ നിലവിലുണ്ടായിരുന്ന പല സർവ്വീസുകളും മുടങ്ങിയിരിക്കുകയാണ്. കോവിഡ് കാലഘട്ടത്തിൽ കേരളത്തിൽ പൊതുവെ നേരിട്ട ഒരു പ്രശ്നമാണിത്. അങ്ങനെ മുടങ്ങിയ സർവ്വീസുകളിൽ പലതും പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട് എന്നത് തീർച്ചയായും സന്തോഷകരമായ കാര്യമാണ്. 91 സർവ്വീസുകളുണ്ടായിരുന്ന കാസർഗോഡ് ജില്ലയിൽ ഇപ്പോൾ 68 സർവ്വീസുകൾ മാത്രമാണുള്ളത്. കാഞ്ഞങ്ങാടുനിന്നും ഓപ്പറേറ്റ് ചെയ്യുന്ന 59 സർവ്വീസുകളിൽ 43 എണ്ണം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. കാഞ്ഞങ്ങാടുനിന്നും കാസർഗോഡുനിന്നും ബംഗളൂരു, മംഗളൂരു, പുത്തൂർ, ചുള്ളി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അന്തർസംസ്ഥാന സർവ്വീസുകൾ അടക്കം നടത്തുന്ന അതിർത്തി ജില്ലയെന്ന നിലയിൽ

പ്രത്യേക പരിഗണന നൽകി പുതിയ ബസുകളും ജീവനക്കാരെയും നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ഞാൻ നേരത്തേ പറഞ്ഞതുപോലെ, ഇന്നത്തെ ചോദ്യം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സംബന്ധിച്ചാണ്. കോവിഡിനുശേഷം കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാരുടെ എണ്ണം 35 ലക്ഷത്തിൽനിന്ന് ഏകദേശം പകുതിയിലേയ്ക്കെത്തിനിൽക്കുകയാണ്. എല്ലാവരും ഇരുചക്രവാഹനങ്ങളടങ്ങുന്ന സ്വകാര്യ വാഹനങ്ങളെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് യാത്രക്കാരെ കൂടുതൽ അടുപ്പിക്കുന്നതിനുള്ള പരിശ്രമം നാം നടത്തിയാൽ മാത്രമെ ഈ സംവിധാനം നിലനിൽക്കുകയുള്ളൂ. യാത്രക്കാരുടെ എണ്ണം പകുതി കുറഞ്ഞിട്ടും കെ.എസ്.ആർ.ടി.സി. പകുതിയേക്കാൾ കൂടുതൽ സർവ്വീസുകളാണ് ഇപ്പോഴും ഓപ്പറേറ്റ് ചെയ്യുന്നത്. കാസർഗോഡ് ജില്ലയിൽ സ്വിഫ്റ്റ് സർവ്വീസ് നടത്തുന്നില്ലെന്ന് അങ്ങ് പറഞ്ഞു. കാസർഗോഡുവഴി സ്വിഫ്റ്റ് ബസ് സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. അടുത്ത ഘട്ടത്തിൽ പുതിയ ബസുകൾ വാങ്ങുമ്പോൾ കാസർഗോഡുനിന്ന് സർവ്വീസ് ആരംഭിക്കുന്ന കാര്യം തീർച്ചയായും ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, രണ്ട് കോടി രൂപ ചെലവഴിച്ച് മഞ്ചേരിയിൽ ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും അതുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. മാത്രമല്ല, അവിടെയുണ്ടായിരുന്ന സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് പുനഃസ്ഥാപിക്കണമെന്ന ആവശ്യം അംഗീകരിച്ചതുമില്ല. അതുകൊണ്ട് രണ്ട് സ്വിഫ്റ്റ് ബസെങ്കിലും മഞ്ചേരി മണ്ഡലത്തിൽ അനുവദിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, സ്വിഫ്റ്റ് ബസിന് ഇത്രയേറെ സ്വീകാര്യതയുണ്ടായതിൽ അഭിമാനമുണ്ട്. പ്രതിപക്ഷഭാഗത്തുനിന്നുതന്നെ സ്വിഫ്റ്റ് ബസ് ആവശ്യപ്പെടുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. അങ്ങയുടെ ആവശ്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. ടി സിദ്ദിഖ്: സർ, വയനാട് ജില്ല വന-മലയോര തോട്ടംമേഖലയാണ്. കെ.എസ്.ആർ.ടി.സി. മാത്രമാണ് ഉൾനാടുകളിലേയ്ക്കുള്ള ഏക ആശ്രയം. വയനാട് ജില്ലയുടെ ഒരു പ്രത്യേകത കേരളത്തിലെ ഏക ആസ്പിരേഷണൽ ഡിസ്ട്രിക്ടുകൂടിയാണ്. ഇന്ത്യയിലെ ഏറ്റവും പിന്നാക്കംനിൽക്കുന്ന സോഷ്യോ- എക്കണോമിക് ഹെൽത്ത്...

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരിക.

ശ്രീ. ടി സിദ്ദിഖ്: സർ, ആ ജില്ലയിലെ ഉൾനാടുകളിലേയ്ക്കുള്ള വെട്ടിച്ചുരുക്കിയത് നിരവധി ഷെഡ്യൂളുകൾ പുന:സ്ഥാപിക്കുന്നതിനുവേണ്ടിയിട്ടുള്ള അപേക്ഷ നൽകിയിട്ടും നാളിതുവരെ നടപ്പിലായിട്ടില്ല. വയനാടിനെ സംബന്ധിച്ച് വൈകാരികമായൊരു ബന്ധമുള്ളതും വലിയ രീതിയിൽ ലാഭകരമായിട്ടുള്ളതുമായൊരു റൂട്ടായിരുന്നു താളൂർ ബസ് റൂട്ട് .

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരിക പ്ലീസ്....പ്ലീസ്....

ശ്രീ. ടി സിദ്ദിഖ്: സർ, ചോദ്യമാണ്. അതുപോലെ മുണ്ടകയും ഉൾനാടാണ്. മുണ്ടകയിൽനിന്നും മെഡിക്കൽ കോളേജ് വഴിയുള്ള കോഴിക്കോടുള്ള റൂട്ട്. കെ.എസ്.ആർ.ടി.സി.-യുടെ ആരംഭ കാലഘട്ടം മുതലുള്ള റൂട്ടാണ്. നിരവധി കത്തുകൾ സർക്കാരിന് നൽകിയിട്ടും ടി ഷെഡ്യൂളുകൾ നാളിതുവരെ പുന:സ്ഥാപിച്ചിട്ടില്ല. മാത്രമല്ല, വിദ്യാർത്ഥികളുടെ കൺസെഷൻ, വിദ്യാർത്ഥികൾക്ക് ചില റൂട്ടിൽ കെ.എസ്.ആർ.ടി.സി. മാത്രമേയുള്ളൂ. ആ കൺസെഷൻ കെ.എസ്.ആർ.ടി.സി. ലിമിറ്റ് ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ ലിമിറ്റ് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ; ഇത്തരം

റൂട്ടുകളിൽ ബസുകൾ പുന:സ്ഥാപിക്കാനുള്ള നടപടിയെടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇന്നത്തെ ചോദ്യവുമായി ബന്ധമില്ലാത്ത കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിക്കുന്നത്. ഇതിന് പ്രത്യേക ചോദ്യവും വേണമായിരുന്നു. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെക്കുറിച്ചാണ് ഇന്നിവിടെ മറുപടി പറയുന്നത്, രണ്ടും രണ്ടാണെന്ന കാര്യം ആദ്യം മനസ്സിലാക്കണം. ഇവിടെ ചില റൂട്ടുകളിലേയ്ക്കുള്ള വാഹനങ്ങളെക്കുറിച്ച് അദ്ദേഹം ചോദിച്ചു. ഞാൻ ഇതിനൊരു മറുപടി പൊതുവെ പറഞ്ഞിട്ടുണ്ട്. മാനന്തവാടിയിലേയ്ക്ക് 17-ാം തീയതി പുതിയ ഗ്രാമവണ്ടി സർവ്വീസ് ആരംഭിക്കുകയാണ്. ഗ്രാമവണ്ടി ഇപ്പോൾ വളരെ ഹിറ്റായി മാറിയിരിക്കുകയാണ്. പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ കഴിഞ്ഞ ആഴ്ച്ച ഗ്രാമവണ്ടി ഉദ്ഘാടനം ചെയ്തു. എത്ര വലിയ സ്വീകാര്യതയാണ് ഗ്രാമവണ്ടിക്ക് അവിടെ കിട്ടിയതെന്നുള്ളത് അദ്ദേഹത്തിന് തന്നെ അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ മുൻകയ്യെടുത്ത് ഗ്രാമവണ്ടി പദ്ധതിയിലേയ്ക്ക് അപേക്ഷകൾ സമർപ്പിച്ചാൽ 30 ദിവസത്തിനകം എം.എൽ.എ.-യും ഗ്രാമപഞ്ചായത്തും പറയുന്ന റൂട്ടുകളിലേയ്ക്ക്

ഗ്രാമവണ്ടി അനുവദിക്കുന്നതാണ്. പാറശ്ശാലയിൽ ഇപ്പോൾത്തന്നെ രണ്ട് ഗ്രാമവണ്ടികൾ സർവ്വീസ് തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. മൂന്ന് ഗ്രാമവണ്ടികൂടി ഈ മാസം തന്നെ തുടങ്ങുകയാണ്. ബഹുമാനപ്പെട്ട അംഗം കുറച്ചുകൂടി താൽപ്പര്യമെടുത്താൽ അവിടെയുള്ള എല്ലാ സർവ്വീസുകളും പുന:സ്ഥാപിക്കാൻ കഴിയും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, സ്വിഫ്റ്റ് ബസ്സിന്റെ ചോദ്യമാണെങ്കിൽപ്പോലും ട്രാൻസ്പോർട്ട് മന്ത്രിയായതുകൊണ്ടാണ് അങ്ങയോട് ഈ ചോദ്യം ചോദിക്കുന്നത്. ബഹുമാന്യനായ ശ്രീ. സിദ്ദിഖ് എം.എൽ.എ. ചോദിച്ച വിഷയംതന്നെയാണ്. ഒന്ന്, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലേയ്ക്ക് കോവിഡ് കാലഘട്ടത്തിനുമുമ്പുവരെ രാത്രികാലങ്ങളിൽ നിരവധി സർവ്വീസുകളുണ്ടായിരുന്നു. കോവിഡ് കാലഘട്ടത്തിൽ ഈ സർവ്വീസുകളൊക്കെ നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ രാത്രികാലങ്ങളിൽ യാത്ര ചെയ്യുന്നവർ വലിയ ദുരന്തത്തിലാണ്. മാത്രമല്ല, അദ്ദേഹം ചോദിച്ച ഒരു ചോദ്യമുണ്ട്. രാത്രി 8.00 മണിക്ക് കോഴിക്കോട് നിന്നും മേപ്പാടി വഴി താളൂർ, തമിഴ്നാട് ഇന്റർസ്റ്റേറ്റ് ബസ്സുകൾ നമ്മുടെ സംസ്ഥാനത്തുതന്നെയാണ് തങ്ങുന്നത്. ബഹുമാനപ്പെട്ട മന്ത്രി

ഡിപ്പോയിൽ വന്നപ്പോൾ ആ ബസുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് ഞാനൊരു കത്ത് നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിലെ സർവ്വീസുകൾ പുന:സ്ഥാപിക്കാനും ദീർഘദൂര സർവ്വീസുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ട്രാൻസ്പോർട്ട് മന്ത്രിയായതുകൊണ്ടും വിഷയം സ്വിഫ്റ്റ് ബസ് ആയതുകൊണ്ടും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെയും കെ.എസ്.ആർ.ടി.സി.-ലെയും വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെയും ചോദ്യങ്ങൾക്ക് മറുപടി പറയാൻ പരിമിതികളുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സർവ്വീസുകളെ സംബന്ധിച്ചിടത്തോളം ഗൗരവ്വമായി പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് മണ്ഡലകാലമാണ്. ജനലക്ഷങ്ങൾ ശബരിമല സന്നിധാനത്തിലേയ്ക്ക് പോകുന്ന സമയമാണിത്. അതുമായി ബന്ധപ്പെട്ട് നിരവധി സർവ്വീസുകൾ കെ.എസ്.ആർ.ടി.സി നടത്തിയിരുന്നു. മണ്ണാർക്കാടുനിന്നും അയ്യപ്പൻമാർ കയറി ഗുരുവായൂർ ക്ഷേത്രദർശനവുംകഴിഞ്ഞ് ശബരിമലയിൽ പോയി തിരിച്ചുവരുമായിരുന്നൊരു 2012-ൽ ആരംഭിച്ച സർവ്വീസ് കോവിഡ്

കാലഘട്ടത്തിൽ തടസ്സപ്പെട്ടു. കോവിഡിനുശേഷം ടി സർവ്വീസ് പുനരാരംഭിച്ചിട്ടില്ല. ഇക്കാര്യം നിരവധി തവണ ആവശ്യപ്പെട്ടതാണ്. മണ്ണാർക്കാടുനിന്നും ശബരിമലയിലേയ്ക്കുള്ള ബസ് സർവ്വീസ് ഈ മണ്ഡലകാലത്ത് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. ആന്റണി രാജു: സർ, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഈ വർഷത്തെ ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശബരിമല സീസണിൽ ആവശ്യപ്പെട്ട ഏതാണ്ട് എല്ലാ സർവ്വീസുകളും പുന:സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിൽ ഇന്നലെത്തന്നെ സർവ്വീസുകൾ ആരംഭിക്കുമായിരുന്നു. ഏതായാലും അങ്ങ് ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ സാഹചര്യത്തിൽ നാളെ മുതൽ ഈ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

## വായ്പാ തിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ നടപടി

**(*123)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വായ്പയെടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വന്യ മൃഗങ്ങളുടെ ശല്യംമൂലമുള്ള കൃഷിനാശത്തെത്തുടർന്ന് വായ്പാ തിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

(സി) കാർഷിക കടവുമായി ബന്ധപ്പെട്ട പലിശ എഴുതി തള്ളാനും കാർഷിക വിഭവങ്ങൾക്ക് മതിയായ താങ്ങുവില വർദ്ധിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ 2022-23 സാമ്പത്തികവർഷത്തിലെ ജൂൺ 30-ന അവസാനിച്ച ഒന്നാം പാദത്തിലെ

കണക്കുപ്രകാരം കാർഷിക മേഖലയിലെ വാർഷിക നിഷ്ക്രിയ ആസ്തി വെറും 4.2 ശതമാനം മാത്രമാണ്. കർഷകരുടെ വായ്പാ തിരിച്ചടവ് കൃത്യമാണെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽതന്നെ കാർഷിക വായ്പയെടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലംഗങ്ങളായിട്ടുള്ള കർഷകർക്ക് വന്യജീവി ആക്രമണംമൂലം കൃഷിനാശമാണ്ടായാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ വനം-വന്യജീവി വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാരത്തിനും കർഷകർ അർഹരാണ്. വായ്പക്കാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വായ്പകൾ പുതുക്കി നൽകുകയും നിയമപരമായ ഇളവുകൾ സഹകരണ ബാങ്കുകൾ അനുവദിക്കുകയും ചെയ്തുവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അർഹമായ അപേക്ഷകൾക്ക് പലിശയിലും മുതലിലും ഇളവ് നൽകുന്നതിനും സഹകരണ രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ "ഉത്തേജന പലിശയിളവ്" നടപ്പിലാക്കിവരുന്നു.

കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെ എടുത്ത വായ്പകൾക്കും) നിശ്ചിത നിബന്ധനകൾക്ക് വിധേയമായി പരമാവധി രണ്ട് ലക്ഷം രൂപ വരെ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്നുണ്ട്.

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന 16 വിളകൾക്ക് 2020 നവംബർ ഒന്ന് മുതൽ "കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി" പ്രകാരം അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്. അഞ്ച് ഇനങ്ങൾക്ക് കൂടി

അടിസ്ഥാനവില നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ നിരക്കിലും, നെല്ല് കിലോയ്ക്ക് 28.20 രൂപ നിരക്കിലുമാണ് സംഭരിക്കുന്നത്. വയനാട് കാപ്പിയ്ക്ക് വില കുറഞ്ഞപ്പോൾ കർഷകരെ സഹായിക്കാൻ വയനാട് പ്രത്യേക പദ്ധതി പ്രകാരം മാർക്കറ്റ് വിലയേക്കാൾ 10 രൂപ കിലോയ്ക്ക് അധികം നൽകി കാപ്പി സംഭരിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കർഷകർ കടക്കെണിയിലാണ്. ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ പറ്റുന്നില്ല. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നിയമസഭയിൽ സംഘടിപ്പിച്ച ഒരു ചടങ്ങിൽ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ ചില വാക്കുകളാണ് എന്റെ ഓർമ്മയിൽ വരുന്നത്. പഴയകാലത്ത് പഴമക്കാർക്ക് ഏത് മാസത്തിൽ ഏത് ദിവസം ഏത് സമയത്ത് മഴ വരുമെന്ന് കൃത്യമായി അവർക്ക് പറയാൻ സാധിക്കുമായിരുന്നു; ഇന്ന് ആർക്കും അതിന് സാധിക്കുകയില്ല. അതാണ് കർഷകരും നമ്മളുമൊക്കെ അനുഭവിക്കുന്ന വലിയ ദുരിതമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാലാവസ്ഥാവ്യതിയാനങ്ങൾക്കനുസരിച്ച് മാറാൻ നമുക്ക് കഴിയണമെന്ന് മാത്രമല്ല, നമ്മുടെ രീതിയും മാറണം. ചില

സംസ്ഥാനങ്ങളിൽ സീഡിംഗിന്റെ സമയത്തും കൊയ്യുന്ന സമയത്തും മഴ വരുമ്പോൾ കർഷകർക്ക് ടാർപ്പോളിൻ കൊടുക്കുന്നുണ്ട്. അതുപോലെ കൊയ്ത്തുയന്ത്രവും സംസ്ഥാനത്തെ കർഷകർക്ക് കൊടുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് പുതിയ രീതിയിലേയ്ക്ക് കർഷകർ മാറുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കും?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായൊരു കാര്യമാണ്. ആദരണീയനായ മുഖ്യമന്ത്രി പറഞ്ഞ കാര്യംകൂടി അദ്ദേഹം ചൂണ്ടിക്കാണിച്ചു. കേരളത്തിൽ പരമ്പരാഗതമായ കാലാവസ്ഥ കലണ്ടർ എന്നുവേണമെങ്കിൽ പറയാവുന്നൊരു രീതിയുണ്ടായിരുന്നു. തുലാമാസത്തിൽ പെയ്യുന്ന മഴയ്ക്ക് തുലാവർഷമെന്നും. ഇടവമാസം പകുതിയാകുമ്പോൾ പെയ്യുന്ന മഴയ്ക്ക് ഇടവപ്പാതിയെന്നെല്ലാം വിളിച്ച് കർഷകർക്ക് കൃത്യമായിട്ടൊരു ധാരണയുണ്ടായിരുന്നു. എന്നാൽ ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായി അതെല്ലാം മാറിമറിഞ്ഞിരിക്കുന്ന വല്ലാത്തൊരു പ്രതിസന്ധി കേരളത്തിന്റെ കാർഷികമേഖലയിലും

തീർക്കുന്നുണ്ട്. അതുകൊണ്ട് യന്ത്രങ്ങളുടെ കാര്യത്തിൽ മാത്രമല്ല, വളരെ പെട്ടെന്നുതന്നെ വിളവ് ലഭിക്കുന്നതരത്തിലുള്ള വിത്തിനങ്ങൾ ഉൾപ്പെടെ അതോടൊപ്പംതന്നെ യന്ത്രങ്ങൾ കൂടുതലായി പരീക്ഷിക്കുന്നതിനുമുള്ള പരിപാടികൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. വളരെ ഗൗരവത്തിൽത്തന്നെയാണ് സംസ്ഥാന കൃഷിവകുപ്പ് ആ കാര്യത്തെ കണ്ടിരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് അടയ്ക്കകൃഷിയുടെ ഒരു നാടാണ്. കേരളത്തിലെ ഏറ്റവും ക്വാളിറ്റിയുള്ള അടയ്ക്ക ലഭിക്കുന്നത് കാസർഗോട്ടെ പെർള, ബദിയടുക്ക പ്രദേശങ്ങളിൽനിന്നാണ്. ഇപ്പോൾ അടയ്ക്ക കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കവുങ്ങിനെ ബാധിച്ചിരിക്കുന്ന മഹാളി രോഗം. അടയ്ക്ക പാകമാകുന്നതിനുമുമ്പുതന്നെ താഴെ വീഴും, മഴക്കാലത്ത് ഇത് ഉണക്കാൻ സാധിക്കുന്നില്ല. ഇതിന് ഏറ്റവും നല്ലൊരു പ്രതിവിധി സോളാർ പ്ലാസ്റ്റിക്കാണ്. സോളാർ പ്ലാസ്റ്റിക്കിന് ഒരു ലക്ഷം രൂപ വരെ വിലയുണ്ട്. അതിന് സബ്സിഡി കൊടുക്കാൻ സാധിക്കുമോ; ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന മറ്റൊരു പ്രധാനപ്പെട്ടൊരു കാര്യമാണ്, ലീഫ് സ്പോട്ട്

ഡിസീസ് എന്ന ഒരു പുതിയ രോഗംകൂടി കവുങ്ങുകളെ ബാധിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷമായി കണ്ടുവരുന്ന ഈ രോഗം വായുവിൽക്കൂടി പരക്കുന്നതാണ്. ഈ രോഗത്തിന് Hexaconozole, Propiconzole തുടങ്ങിയ കീടനാശിനികളാണ് കർഷകർ ഉപയോഗിക്കുന്നത്. എൻഡോസൾഫാൻ പോലുള്ള വലിയൊരു കീടനാശിനി ഉപയോഗിച്ചതിന്റെ ദുരന്തത്തിൽനിന്ന് ഇതുവരെ മുക്തമാക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള കീടനാശിനികൾ ഉയോഗിക്കാൻ ആരെങ്കിലും ലൈസൻസ് കൊടുത്തിട്ടുണ്ടോ; ആരുടെയെങ്കിലും ഉപദേശം കർഷകർക്കുണ്ടോ, തീർച്ചയായും അത് പരിശോധിക്കേണ്ട കാര്യമാണ്. നമ്മളും വരാനിരിക്കുന്ന തലമുറയും എൻഡോസൾഫാൻമൂലം അനുഭവിക്കുന്ന ദുരന്തമുണ്ടല്ലോ, അതിനെക്കാൾ വലിയ ദുരന്തം അനുഭവിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകരുത്, ഇത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാര്യം ഗൗരവതരമായി സർക്കാർ പരിശോധിക്കുന്നതായിരിക്കും. അവിടുത്തെ കവുങ്ങിന് ഉണ്ടായിരിക്കുന്ന രോഗത്തെക്കുറിച്ച് പരിശോധിക്കുന്നതിനായി പ്രത്യേകമായ സംഘത്തെ നിയോഗിക്കാം.

സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞതുൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ ഏറ്റവും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കാം. അവിടെ ഉപയോഗിക്കുന്ന കീടനാശികളും മറ്റും ശാസ്ത്രീയമായിട്ടുള്ളതാണോ, അനുവദനീയമാണോ, ഏത് കാറ്റഗറിയിൽപ്പെടുന്നതാണ്, ഇക്കാര്യംകൂടി പരിശോധിക്കുന്നതിനും ദോഷകരമല്ലാത്തതുമാത്രം അവിടങ്ങളിൽ ഉപയോഗിക്കാനുള്ള നിർദ്ദേശം നകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. വി. ഇബ്രാഹിം): സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന മറുപടിയിൽ കാർഷിക വായ്പയെടുത്ത ആളുകളെ ജപ്തി ഭീഷണിയിലേയ്ക്കോ അതുമായി ബന്ധപ്പെട്ട ആത്മഹത്യയിലേയ്ക്കൊന്നും നയിക്കുന്നില്ലെന്നുള്ള രീതിയിലാണ് സംസാരിച്ചത്. കാർഷിക വായ്പയെടുത്ത ഗുരുതര രോഗം ബാധിച്ച ആളുകൾ സത്യത്തിൽ ഒരുപാട് പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആത്മഹത്യയിലേയ്ക്കുവരെ നീങ്ങിക്കൊണ്ടിരിക്കുന്ന സന്ദർഭമുണ്ട്. സഹകരണ ബാങ്കുകളിൽനിന്ന്

കാർഷിക വായ്പയെടുത്ത ആളുകൾക്ക് സഹകരണ വകുപ്പുമായി സംസാരിച്ച് റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തിയെങ്കിലും അവരുടെ വായ്പ എഴുതിത്തള്ളുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ തീരുമാനിക്കാനാകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. പ്രസാദ്: സർ, 137-ാം എസ്.എൽ.ബി.സി. മീറ്റിംഗിന്റെ മിനിട്ട്സ് പ്രകാരമുള്ള കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്. അതിനകത്ത് സംസ്ഥാനത്തെ കാർഷിക മേഖലയുടെ നിഷ്ക്രിയ ആസ്തി 4.2 ശതമാനം മാത്രമാണെന്ന് അവർ കണക്കുകൂട്ടിയിട്ടുണ്ട്. അതിൽ സഹകരണ ബാങ്കുകളും സ്വകാര്യ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും എല്ലാം ചേരുന്നതാണെന്നുകൂടി മനസ്സിലാക്കണം. ആ കണക്കിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇവിടെ മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിലുന്നയിച്ചത് കർഷക വായ്പയെടുത്തവർ കടക്കെണിയാണെന്നാണ്. സത്യത്തിൽ കടക്കെണിയിലായിട്ടില്ലെന്നാണ് ഞാൻ പറഞ്ഞിരുന്നത്. അതിന്റെ കാരണം, സാധാരണ വായ്പകൾ 90 ദിവസം കഴിഞ്ഞ കുടിശ്ശികയാകുമ്പോഴാണ് അത് എൻ.പി.എ.-യുടെ പട്ടികയിൽ വരുന്നത്. കാർഷിക വായ്പകളാണെങ്കിൽ വിളകളെ അടിസ്ഥാനപ്പെടുത്തിയാണ്

കണക്കാക്കുന്നത്. എൻ.പി.എ.-യുടെ കണക്കുകൾ നോക്കുമ്പോൾ കർഷകർക്ക് കടമുണ്ടാകും പക്ഷെ കടക്കെണിയിലായിട്ടുണ്ടെന്ന് പറയാൻ കഴിയില്ല. ഇപ്പോൾതന്നെ സഹകരണ ബാങ്കുകളിൽനിന്നും എടുക്കുന്ന ലോണുകൾക്ക് കടാശ്വാസം നൽകുന്നുണ്ട്. മറ്റ് പദ്ധതികളെപ്പറ്റിയുള്ള കാര്യങ്ങൾ ഞാൻ നേരത്തെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ആ പരിപാടികളെല്ലാം സർക്കാർ കൃത്യമായി നടപ്പിലാക്കുന്നുണ്ട്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഇന്നലെ പാർലമെന്റ് പാസ്സാക്കിയ വന്യമൃഗ സംരക്ഷണ നിയമംപോലും കർഷക സൗഹൃദപരമല്ല. കേരളത്തിൽ ഈ വർഷം വന്യമൃഗങ്ങളുടെ അക്രമണംകൊണ്ട് 88 കർഷകർ മരിക്കാനിടയായിട്ടുണ്ട്. കേരളത്തിൽ കർഷകരുടെ കൃഷി വന്യമൃഗങ്ങൾ നശിപ്പിച്ചാൽ നഷ്ടപരിഹാരത്തുക നിർണ്ണയിക്കാനും അത് പരിശോധിക്കാനും ഇപ്പോൾ വനം വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വനം വകുപ്പ് കൈകാര്യം ചെയ്ത് ഒരു വർഷം കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കാത്ത ഘട്ടങ്ങൾ പലതുമുണ്ട്. അതുകൊണ്ടുതന്നെ പല കർഷകരും തീരാനഷ്ടത്തിലും കഷ്ടത്തിലുമാണ്. അതുകൊണ്ട് വന്യമൃഗങ്ങളാൽ കൃഷി

നശിച്ചാൽ വനം വകുപ്പ് പരിശോധിക്കുന്നതിനുപകരം അതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരെത്തന്നെ ചുമതലപ്പെടുത്തി നടപടിക്രമങ്ങൾ ധ്രുതഗതിയിലാക്കുവാനും കർഷകർക്കാശ്വാസം നൽകാനുമുള്ള സംവിധാനമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ഇങ്ങനെ മരിച്ച കർഷകർ വായ്പക്കാരാണെങ്കിൽ അവരുടെ വായ്പയെങ്കിലും എഴുതിത്തള്ളാൻ കരുണ കാണിക്കുമോയെന്നുകൂടി ചോദിക്കുകയാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, മുൻകൂട്ടി എഴുതി നൽകിയിട്ടില്ലാത്ത കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഇത് രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യമാണ്. അത് ഗവൺമെന്റ് പ്രത്യേകമായി ആലോചിക്കുന്നതായിരിക്കും. അക്കാര്യങ്ങളെപ്പറ്റി പരിശോധിച്ചതിനുശേഷം മാത്രമേ ആയതിന്മേൽ എങ്ങനെ നടപടി സ്വീകരിക്കാൻ പറ്റുമെന്നതിനെക്കുറിച്ച് പറയാൻ കഴിയുകയുള്ളൂ. ഇപ്പോൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന ഒരാൾക്ക് വന്യമൃഗങ്ങളുടെ ശല്യംമൂലം വിളനാശമുണ്ടായാൽ 27 വിളകൾക്ക് നഷ്ടപരിഹാരം കൃഷി വകുപ്പുതന്നെ പ്രത്യേകമായി നൽകുന്നുണ്ട്. അതുകൂടാതെ ഗവൺമെന്റിന്റെ ഒരു പ്രത്യേക ഉത്തരവിലൂടെ നഷ്ടപരിഹാരത്തിന്റെ തോത് റവന്യൂ തയ്യാറാക്കുന്ന

കണക്കിന്റെ അടിസ്ഥാനത്തിൽ സാധാരണ ലഭ്യമാക്കുന്നതിനേക്കാൾ 10 ശതമാനംകൂടി അധികം തുക വനം വകുപ്പ് നൽകിക്കൊണ്ടുള്ള തുക ഇപ്പോൾ കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്നു. അതെല്ലാം പര്യാപ്തമാണെന്നോ, കർഷകരെ പൂർണ്ണമായി സഹായിക്കാൻ കഴിയുന്നതാണെന്ന അഭിപ്രായമല്ല സർക്കാരിനുള്ളത്. വന്യമൃഗങ്ങളുടെ ശല്യം വളരെ രൂക്ഷമായിട്ടുണ്ട്. ആലപ്പുഴപോലെ വനമില്ലാത്ത ജില്ലയിൽപോലും വന്യമൃഗത്തിന്റെ അതായത് കാട്ടുപന്നിയുടെ ശല്യമുണ്ടാകുന്നുവെന്നുള്ളത് കർഷകർ നേരിടുന്ന വലിയൊരു പ്രശ്നമാണ്. അത്തരം പ്രശ്നങ്ങളെ ഗൗരവതരമായി കാണുന്ന തരത്തിൽ സർക്കാർ വരുംനാളുകളിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. പി. ഉബൈദുള്ള</u>): സർ, കർഷകർ പല കാരണങ്ങളാൽ കടക്കെണിയിൽനിന്നും വീണ്ടും കടക്കെണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ള വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ എത്രയോ കർഷകർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട്. ആത്മഹത്യയുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഏത് കണക്കിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്കറിയില്ല. ഏതായാലും

അതീവ ഗുരുതരമായ ഈ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം വേണ്ടേ; ഇടയ്ക്കിടെ കർഷക ആത്മഹത്യയും ബാങ്കിൽനിന്നെടുക്കുന്ന പണം തിരിച്ചടയ്ക്കാൻ കഴിയാതെ പട്ടിണിയിലും പരിവട്ടത്തിലുമായി അവർ കഴിയുകയാണ്. ഇതിനൊരു സ്ഥായിയായ പരിഹാരമുണ്ടാക്കാൻ നിലവിൽ സർക്കാരിന്റേതായ എന്തെങ്കിലും പദ്ധതിയുണ്ടോ? കേരളത്തിലെ കർഷകരെ കടബാദ്ധ്യതയിൽ കുടുങ്ങാതെ ജീവിച്ചുപോകാൻ പ്രാപ്തരാക്കിയെടുക്കാനുള്ള വ്യക്തതയുള്ള പദ്ധതി ഏതെങ്കിലും സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് കർഷകർ ഇതുപോലെയുള്ള പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നുവെന്നുള്ളത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ബൃഹത്തായ പദ്ധതിക്ക് സർക്കാർ ഉറപ്പുനൽകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യുന്നില്ലെന്ന് ഞാൻ പറഞ്ഞില്ല. സംസ്ഥാനത്തിന് നിലവിൽ ഒരു സംവിധാനമുണ്ട്. ആത്മഹത്യകളെപ്പറ്റി നമ്മുടെ മുമ്പിൽ റിപ്പോർട്ട് വരാറുണ്ട്; പത്രങ്ങളിൽ വാർത്തകൾ വരാറുണ്ട്; ആത്മഹത്യകളുണ്ടായാൽ ഏതൊരു സർക്കാരിന്റെ കാലത്തും ചെയ്യുന്നത്, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു സമിതി പ്രത്യേകമായി പരിശോധന നടത്തി ആ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അത് കൃഷിയുമായി ബന്ധപ്പെട്ടതാണോയെന്ന് സ്ഥിരീകരിക്കുന്നത്. അങ്ങനെ സ്ഥിരീകരിച്ച കണക്കുകൾ സർക്കാരിന്റെ മുമ്പിലുണ്ട്. അങ്ങ് ചോദിച്ച ചോദ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം, കർഷകർക്ക് കടമുണ്ട് പക്ഷെ കടത്തിന്റെ കെണിയിൽ അകപ്പെട്ടിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. കടത്തിൽ നിൽക്കുന്ന കർഷകൻ കടക്കെണിയിൽ അകപ്പെടാതിരിക്കണമെങ്കിൽ അവന്റെ കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ലഭ്യമാകുന്ന വിലയുടെ 50 ശതമാനമെങ്കിലും അധികരിച്ച വില ലഭ്യമാകണമെന്നുണ്ടെങ്കിൽ വിളയുടെയും കൃഷിയുടെയും കാര്യത്തിൽ പുതിയ രീതികൾ അത്യന്താപേക്ഷിതമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വിളയിടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയിലേയ്ക്ക് കേരളം നീങ്ങുന്നത്. അത്തരത്തിൽ വിളയിടം, വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, ജില്ല എന്ന അടിസ്ഥാനത്തിൽ പ്രത്യേകമായൊരു ആസൂത്രണമുണ്ടാകും. അത്തരമൊരു ഫാം പ്ലാനാണത്. കേരളത്തിൽ നൂറ് കണക്കിന് അല്ലെങ്കിൽ ഇരുന്നൂറ്റി അൻപതിലധികം ഫാം പ്ലാനുകൾ ഇപ്പോൾതന്നെയായികഴിഞ്ഞിട്ടുണ്ട്.

നമ്മൾ ആദ്യമായാണ് ഫാം പ്ലാനിലേയ്ക്ക് മാറുന്നത്. അതുകൂടാതെ കൃഷിക്കാരന്റെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽപ്പന നടത്തുമ്പോൾ മാത്രമെ വലിയൊരു വരുമാനത്തിലേയ്ക്ക് എത്തുകയുള്ളൂ. അതിനുവേണ്ടി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ കേരളത്തിൽ യഥാർത്ഥ്യമായി കഴിഞ്ഞുവെന്ന് ഞാൻ കഴിഞ്ഞ ദിവസവും പറഞ്ഞു, തീർച്ചയായും എല്ലാവരുടേയും സഹകരണത്തോടെ ഒരു കൃഷി ഭവനിൽനിന്നും ഏറ്റവും കുറഞ്ഞത് ഒരു മൂല്യവർദ്ധിത ഉല്പന്നമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്. അങ്ങനെ എത്തിക്കഴിഞ്ഞാൽ നമുക്ക് നമ്മുടെ നാട്ടിലെ കർഷകരെ നല്ല രീതിയിൽ സഹായിക്കാൻ കഴിയും. തീർച്ചയായും സർക്കാർ നിലയിലേയ്ക്കാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, നമ്മുടെ കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമായിട്ടാണ് നിലവിൽ കണ്ടുവരുന്നത്. അങ്ങയുടെ മറുപടിയിൽതന്നെ സൂചിപ്പിച്ചിട്ടുള്ള കാര്യം വയനാട്, ഇടുക്കി ജില്ലകളിലെ കർഷകരിൽനിന്നും 2020 വരെയും മറ്റ് ജില്ലകളിൽനിന്ന് 2016 വരെയുമുള്ള അപേക്ഷകളാണ് സ്വീകരിച്ചുവരുന്നത്.

നിലവിൽ സ്വീകരിച്ച അപേക്ഷകളുടെ സ്ഥിതിയും പുതുതായി കൂടുതൽ കർഷകരെ സഹായിക്കുന്നതിനുവേണ്ടി കർഷക കടാശ്വാസ കമ്മീഷൻ ഉപയോഗപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെയുംകുറിച്ച് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ 2007-ലാണ് കമ്മീഷൻ നിലവിൽ വന്നത്. അന്നുമുതൽ 31-10-2022 വരെ 5,30,348 അപേക്ഷകളിന്മേൽ 565,20,04,551 രൂപ കടാശ്വാസ അവാർഡ് കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്. നേരത്തെ എന്റെ മറുപടിയിൽ സൂചിപ്പിക്കുകയും ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിക്കുകയും ചെയ്ത രണ്ട് ജില്ലകളുടെയും അതായത് ഇടുക്കി, വയനാടും ബാക്കി ജില്ലകളും ചേർത്തുള്ള കണക്ക് വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അപേക്ഷകൾ സ്വീകരിക്കുന്നതനുസരിച്ചുള്ള കണക്ക് അറിയിക്കുന്നതായിരിക്കും.

ശ്രീ. എ. രാജ: സർ, കഴിഞ്ഞ വർഷം കാലാവസ്ഥാ വ്യതിയാനംമൂലവും വന്യമൃഗ അക്രമംമൂലവും ഏറ്റവും കൂടുതൽ കൃഷി നശിച്ച പ്രദേശങ്ങളാണ് എന്റെ മണ്ഡലത്തിലെ വട്ടവട, കാന്തല്ലൂർ, മാങ്കുളം. അവർക്ക് നൽകേണ്ട

നഷ്ടപരിഹാരത്തുക കൃത്യസമയത്തുതന്നെ നൽകുന്നതിന് ഇടപെടുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും ഇടപെടുന്നതായിരിക്കും.

ശ്രീ. ജി. സ്റ്റീഫൻ: സർ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നത് കേരളത്തിൽ വ്യാപകമാണ്. അതുപോലെതന്നെ വനത്തിനുള്ളിൽ കൃഷി ചെയ്യുന്ന കൃഷിക്കാരും ഈ ഭീഷണി നേരിടുകയാണ്. കഴിഞ്ഞ മാസം ഒന്നാം തീയതി വിതുര ജേഴ്സി ഫാമിൽ കാട്ടാനക്കൂട്ടമിറങ്ങി. അത്യുല്പാദനശേഷിയുള്ള പുല്ലുല്പന്നങ്ങൾ മുഴുവൻ നശിപ്പിക്കുകയുണ്ടായി. ഇവിടത്തെ ജനജീവിതം താറുമാറായെന്ന് മാത്രമല്ല ജേഴ്സി ഫാമിലെ വളർത്തുമൃഗങ്ങൾക്കുള്ള ജലവിതരണ പൈപ്പുകളെല്ലാം നശിപ്പിക്കുന്ന സാഹചര്യമുണ്ടായി. ഇതുമൂലം കൃഷിക്കാർ രൂക്ഷമായിട്ടുള്ള പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ഇവർ വായ്പയെടുത്താണ് കൃഷിയിറക്കിയിട്ടുള്ളത്. സമാനമായ ചോദ്യങ്ങൾ ബഹുമാനപ്പെട്ട മറ്റ് മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. ഇവരെ സഹായിക്കുന്നതിനുവേണ്ടി ഇവരെടുത്ത വായ്പ എഴുതിത്തള്ളുന്നതിന് സഹകരണ വകുപ്പും കൃഷി വകുപ്പുമായി

ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. പ്രസാദ്: സർ, നിലവിലുള്ള കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, നെല്ല് സംഭരണത്തിന്റെ കാര്യങ്ങൾ ഇന്നലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ 18944 കർഷകരുടെ നെല്ല് സംഭരിച്ചതിൽ വെറും 10376 കർഷകർക്കാണ് നാളിതുവരെ പി.ആർ.എസ്. (Paddy Receipt Slip) കൊടുത്തിരിക്കുന്നത്. 8568 കർഷകർക്ക് ഇതുവരെ പി.ആർ.എസ്. കിട്ടിയിട്ടില്ലെന്നുള്ള പരാതി അവിടെ നിലനിൽക്കുകയാണ്. ഇത് സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ കണക്കുകളാണ്. പി.ആർ.എസ്. കിട്ടാത്തതിനാൽ കർഷകരുടെ പേരിൽ നെല്ല് പുറത്തുനിന്നും വരുമോ; നെല്ല് അളന്നതിന്റെ പണം കൊടുക്കേണ്ടി വരുമോ; ഇതിന്റെ പേരിൽ കർഷകർ പ്രയാസപ്പെടേണ്ടിവരുമോ എന്നൊക്കെയുള്ള കാര്യത്തിൽ അവിടത്തെ കർഷകർ വലിയ ആശങ്കയിലാണ്. സംസ്ഥാനത്ത് മറ്റൊരിടത്തും കാണാത്ത തരത്തിലുള്ള ഒരു പ്രതിഭാസമാണ് അവിടെ

നിലനിൽക്കുന്നതെന്നതിനാൽ ഇക്കാര്യത്തിൽ അങ്ങ് ഗൗരവത്തിൽ ഇടപെടുമോയെന്നും എത്രയുംപെട്ടെന്ന് നെല്ല് അളന്ന കർഷകർക്ക് പി.ആർ.എസ്. കൊടുക്കാനുള്ള നിർദേശങ്ങൾ നൽകുമോ എന്നതുമാണ് ചോദ്യത്തിലൂടെ ഉന്നയിക്കുന്നത്.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. പി.ആർ.എസ്. കൊടുക്കുന്നതിൽ ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ആരുടെയെങ്കിലും ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ഇന്നുതന്നെ അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നറിയിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കാർഷികാടിസ്ഥാന സൗകര്യമേഖലയിൽ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിലൂടെ കൃഷിക്കാർക്ക് ലഭ്യമാകുന്ന സഹായങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, അതിനെപ്പറ്റി പ്രത്യേക ചോദ്യമായി ചോദിക്കേണ്ടതാണ്. അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മുഖേന സഹകരണ ബാങ്കുകൾ വഴി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേകമായ സംവിധാനമുണ്ട്. പ്രാഥമിക കാർഷിക ബാങ്കുകൾക്ക് നല്ല

രീതിയിൽ കർഷകരെ സഹായിക്കാൻ കഴിയുന്ന ഒന്നായ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിലൂടെ ഒരു ശതമാനം പലിശയ്ക്ക് രണ്ട് കോടി രൂപ വരെ ലഭ്യമാകുന്നതാണ്. ഇതിന്റെ തിരിച്ചടവ് കാലാവധി അഞ്ച് കൊല്ലവും രണ്ട് കൊല്ലം മൊറട്ടോറിയവും ലഭിക്കും. അങ്ങനെ വരുമ്പോൾ 7 കൊല്ലം കൊണ്ട് ടി തുക തിരിച്ചടച്ചാൽ മതി. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കാർഷിക മേഖലകളെ സഹായിക്കാൻ കഴിയുന്ന ഒന്നാണ് പ്രാഥമിക കാർഷിക ബാങ്കുകൾ. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് സഹകരണ കാർഷിക വകുപ്പുമന്ത്രിമാരുടെയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയടക്കമുള്ളവരുടെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ പുരോഗതിയെ സർക്കാർ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ബഹുമാനപ്പെട്ട മുഴുവൻ അംഗങ്ങൾക്കും നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കാം. ഓരോ എം.എൽ.എ. മാരും അവരവരുടെ പ്രദേശങ്ങളിലിടപ്പെട്ടാൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സഹായിക്കാൻ കഴിയുന്നതരത്തിലുള്ള ധാരാളം പദ്ധതികളുണ്ട്. വിശദാംശങ്ങൾ എല്ലാ എം.എൽ.എ.-മാർക്കും ലഭ്യമാക്കുന്നതായിരിക്കും.

<u>ശ്രീമതി സി. കെ. ആശ</u>: സർ, നാഷണലൈസ്ഡ് ബാങ്കിൽനിന്നും കാർഷിക വായ്പയെടുത്തിട്ടുള്ള കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന സഹായമനുവദിക്കുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കർഷകർക്കുകൂടി സഹായം അനുവദിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, നാഷണലൈസ്ഡ് ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ല എന്നുള്ളതുകൊണ്ട് അവരോട് അതിനായി ആവശ്യപ്പെടാമെന്നല്ലാതെ അക്കാര്യത്തിൽ സർക്കാരിനൊരു തീരുമാനമെടുക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെതായ മഹത്തും ബൃഹത്തായതുമായൊരു സഹകരണ പ്രസ്ഥാനമുണ്ടെന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ അവരോട് പറയാനും അത്തരത്തിലൊരിടപെടൽ നടത്താനും കഴിയുന്നത്. നാഷണലൈസ്ഡ് ബാങ്കുകൾക്കുമേൽ അങ്ങനെ യാതൊരു നിയന്ത്രണവും വയ്ക്കാൻ കഴിയില്ല, സർക്കാരിന് അഭ്യർത്ഥന നടത്താൻ മാത്രമെ സാധിക്കുകയുള്ളൂ. പരമാവധി ഇളവുകളും സഹായങ്ങളും ലഭ്യമാക്കണമെന്ന് കാലങ്ങളായി നാഷണലൈസ്ഡ് ബാങ്കുകളോട് ആവശ്യപ്പെടുന്നുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ കർഷകരുടെ ക്ഷേമത്തിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാരും കൃഷിവകുപ്പും സ്വീകരിച്ചുവരികയാണല്ലോ; കാർഷികരംഗത്തെ മുന്നേറ്റത്തിന് സംസ്ഥാന സർക്കാർ നടത്തുന്ന ഇത്തരം ഇടപെടലുകൾക്ക് കേന്ദ്ര സർക്കാരിന്റെ പൊതുവായ സമീപനമെന്താണെന്ന് സൂചിപ്പിക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇത്തരം കാര്യങ്ങൾക്ക് ഇതുവരെയും കേന്ദ്ര സർക്കാർ പ്രത്യേകമായ യാതൊരു സഹായവും വാഗ്ദാനം ചെയ്തിട്ടില്ല. സംസ്ഥാനത്തിന്റെ പല ആവശ്യങ്ങൾക്കും കേന്ദ്രത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളികേര സംഭരണമടക്കമുള്ള കാര്യങ്ങളിൽ അനുകൂലമായ നിലപാടും തീരുമാനവും ഉണ്ടായിട്ടില്ല. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി ഇരുപത്താറായിരത്തോളം കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ രൂപം കൊണ്ടിട്ടുണ്ട്. അതെല്ലാം കേരളത്തിലെ കാർഷിക മേഖലയിൽ പുത്തനുണർവ് നൽകുന്നുണ്ട്. പുതുക്കിയ ഫാം പ്ലാൻ വരുന്നതോടുകൂടി ഈ മേഖലയിൽ കൂടുതൽ മെച്ചമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, പച്ചക്കറി കർഷകരുടെ ഹരിത സംഘങ്ങൾ ചേർന്നുള്ള ക്ലസ്റ്ററുകൾക്ക് അർഹമായ ആനുകൂല്യങ്ങൾ കൊടുക്കാത്തൊരു പ്രശ്നം ഇതിനുമുമ്പും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലുള്ള കുറുപ്പന്തറയിൽ വളരെ നന്നായി പ്രവർത്തിക്കുന്ന ക്ലസ്റ്ററുകളാണ്. അപ്പെക്സ് ബോഡിയാണ് ഇപ്പോൾ കൃഷിക്കാരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗവൺമെന്റിന് കൊടുക്കുന്നത്. ഹോർട്ടിക്രോപ്പ്, കൃഷി വകുപ്പ് എന്നിവ വഴി കൊടുത്ത ട്രാൻസ്പോർട്ടേഷൻ സബ്സിഡിയും ഇതുവരെക്കൊടുത്ത പച്ചക്കറിയുടെ തുകയുമുൾപ്പെടെ വൻതുക കുടിശ്ശികയായി നിൽക്കുന്നതിൽ കൃഷിക്കാർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. കടബാദ്ധ്യതകളാൽ പൊറുതിമുട്ടുന്ന ഈ സമയത്തുപോലും സർക്കാരിൽനിന്നും കിട്ടാനുള്ള ആനുകൂല്യങ്ങൾപോലും കർഷകർക്ക് കിട്ടുന്നില്ലെന്ന് പറയുന്നത് വളരെ കഷ്ടമാണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് ഈ കുടിശ്ശികയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഹാൻഡിലിംഗ് ചാർജ്ജും കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണെന്റെ ചോദ്യം.

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അവിടത്തെ കാര്യം വിശദമായി പരിശോധിച്ച് പരമാവധി വേഗത്തിൽ അവർക്ക് പണം നൽകുന്നതിനുള്ള ഇടപെടൽ നടത്തുന്നതായിരിക്കും.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

4(*124) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്നവിധത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളെ പ്രായോഗിക തലത്തിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിനായി സർവ്വകലാശാലകളുടെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്നവിധത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ഇവയാണ്:-

1. കരിക്കുലം പരിഷ്കാരം:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്) രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു.

2. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ, ഡൊമസ്റ്റിക് & ഇന്റർനാഷണൽ ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു+.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റമുണ്ടാക്കാനുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. സർവ്വകലാശാലയെ കുട്ടികൾക്ക് സൗഹാർദ്ദപരമായൊരു സംവിധാനമാക്കി മാറ്റാൻ, അതായത് അഡ്മിഷൻ മുതൽ അക്കാദമിക് ട്രാൻസ്ക്രിപ്റ്റ് വരെയുള്ള സമയവും ഡിഗ്രി നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളും അതിനുശേഷം വിവിധ

---
+ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ള അക്കാഡമിക് ട്രാൻസ്ക്രിപ്ഷൻ വരെയുള്ള കാര്യങ്ങളും നൽകുന്നതിനുവേണ്ടിയുള്ള സംവിധാനത്തിൽ ഇപ്പോഴും പഴയകാലത്തെ രീതി തുടരുകയാണ്. പ്രൊവിഷണൽ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷിക്കണം; അതിനുശേഷം ഡിഗ്രിക്കുവേണ്ടി വേറെ അപേക്ഷിക്കണം. ഇതൊക്കെ പഴയകാലത്തുള്ള സംവിധാനങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് കുട്ടികൾക്ക് വളരെ പെട്ടെന്ന് ഈ സംവിധാനം ലഭ്യമാക്കാൻവേണ്ടിയുള്ള ഒരു വിദ്യാർത്ഥി സൗഹൃദ സംവിധാനം സർവ്വകലാശാലകളിൽ നടപ്പാക്കാനായി മുൻകയ്യെടുക്കുമോ എന്നുള്ളതാണെന്റെ ചോദ്യം;

ഡോ. ആർ. ബിന്ദു: സർ, ഏറ്റവും പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായമുപയോഗിച്ച് ഒരു ERP (Enterprises Resource Planning) ഈ മേഖലയിൽ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. K-REAP (Kerala Resource for Education Administration and Planning) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചുകൊണ്ട് കുട്ടികളുടെ അഡ്മിഷൻ മുതൽ അവർ ബിരുദമോ ബിരുദാനന്തരബിരുദമോ നേടി പുറത്തിറങ്ങുന്നതുവരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച്

ശേഖരിക്കാൻ കഴിയുന്നവിധത്തിലുള്ള റിസോഴ്സ് മാപ്പിംഗാണുദ്ദേശിക്കുന്നത്. ആ സംവിധാനം പൂർത്തീകരിക്കുന്നതിലൂടെ സമയബന്ധിതമായി എല്ലാ കാര്യങ്ങളും സുതാര്യമായി അറിയാനും ഡിഗ്രി സർട്ടിഫിക്കറ്റ് Digi Locker എന്ന ആപ്ലിക്കേഷനിൽനിന്നും ഡൗൺ ലോഡ് ചെയ്തെടുക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്താനും കഴിയുന്നതാണ്. അത് ഈ രംഗത്തൊരു വലിയ കാൽവയ്പ്പായിരിക്കുമെന്ന് കരുതുകയാണ്. പൊതുവിൽ നമ്മുടെ സർവ്വകലാശാലയുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും ഭരണവും പരീക്ഷാ പ്രവർത്തനങ്ങളുമൊക്കെ ചിട്ടയായി കൊണ്ടുപോകുന്നതിന് അത്തരത്തിലുള്ള ഒരു സോഫ്റ്റ്‍വെയർ തികച്ചും സഹായകരമായിരിക്കും.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുണ്ടാക്കാനായി നെതർലാൻഡുമായി ബന്ധപ്പെട്ട് വളരെ സമഗ്രമായ ഒരു പ്രോജക്ട് നടപ്പാക്കാനായി ഉദ്ദേശിക്കുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ആ ടീം കേരളത്തിൽ വന്നിരുന്നതായും മനസിലാക്കാൻ സാധിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിദേശയാത്രയുടെ ഭാഗമായി അവരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്

സാദ്ധ്യമാകുന്നത്. നെതർലാൻഡുമായി ബന്ധപ്പെട്ട ഈ പുതിയ സംവിധാനത്തിൽ പ്രധാനമായും എന്തൊക്കെ പ്രോജക്ടുകളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

ഡോ. ആർ. ബിന്ദു: സർ, കാർഷിക മേഖലയിലും വെറ്ററിനറി സയൻസിലും എല്ലാംതന്നെ നെതർലാൻഡ് ആർജ്ജിച്ചിട്ടുള്ള വളരെ ആസൂത്രണത്തോടുകൂടിയിട്ടുള്ള ഉന്നതവിദ്യാഭ്യാസ സാദ്ധ്യതകൾ കേരളത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ഇവിടെ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന പുതിയ അറിവുകളുടെ ആദാനപ്രദാനങ്ങൾ നടത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)